**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **29-08-2022 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല വിതരണ പദ്ധതികൾക്കായുള്ള കേന്ദ്ര ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | **ശുദ്ധ ജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള സംവിധാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതു മൂലം കേന്ദ്രത്തിൽ നിന്നും ലഭ്യമാകേണ്ട ഫണ്ടുകൾ നഷ്ടപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | **2021-22 സാമ്പത്തിക വർഷം ജലജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയിരുന്ന 1804.59 കോടി രൂപയിൽ സംസ്ഥാനത്തിന് 1353.44 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത വർഷം സംസ്ഥാനത്തിന് ലഭ്യമായ തുകയുടെ 80 % നിശ്ചിത സമയത്തിനുള്ളിൽ ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ പദ്ധതിവിഹിതത്തിന്റെ നാലാമത് ഗഡുവായ 451.15 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചില്ല.**<br><br>**കൂടാതെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രവിഹിതത്തിന്റെ അവസാന ഗഡു സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. ഇതിൽ 2019-20 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 248.76 കോടി രൂപ വകയിരുത്തിയതിൽ സംസ്ഥാനത്തിന് 101.29 കോടി രൂപയാണ് ലഭ്യമായത്. ലഭ്യമായ തുകയുടെ നിശ്ചിത ശതമാനം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചെങ്കിലും ബാക്കിതുക ലഭ്യമായില്ല. 2020-21 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 404.24 കോടി രൂപ വകയിരുത്തിയതിൽ സംസ്ഥാനത്തിന് 303.18 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത വർഷവും ലഭ്യമായ തുകയുടെ നിശ്ചിത ശതമാനം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചെങ്കിലും ബാക്കിതുക ലഭ്യമായില്ല. ഇപ്രകാരം 2019-20 സാമ്പത്തിക വർഷം 147.47 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 101.06 കോടി രൂപയും സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ കഴിഞ്ഞ ആറ് വർഷക്കാലയളവിൽ കേന്ദ്ര ഫണ്ട് ഇനത്തിൽ നഷ്ടപ്പെട്ട തുക എത്രയാണെന്ന് അറിയിക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (സി) | **2021-22 സാമ്പത്തിക വർഷം ജലജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയിരുന്ന 1804.59 കോടി രൂപയിൽ സംസ്ഥാനത്തിന് 1353.44 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളു. പ്രസ്തുത വർഷം സംസ്ഥാനത്തിന് ലഭ്യമായ തുകയുടെ 80 % നിശ്ചിത സമയത്തിനുള്ളിൽ ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ പദ്ധതിവിഹിതത്തിന്റെ നാലാമത് ഗഡുവായ 451.15 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചില്ല.**<br><br>**കൂടാതെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രവിഹിതത്തിന്റെ അവസാന ഗഡു സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. ഇതിൽ 2019-20 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 248.76 കോടി രൂപ വകയിരുത്തിയതിൽ സംസ്ഥാനത്തിന് 101.29 കോടി രൂപയാണ് ലഭ്യമായത്. ലഭ്യമായ തുകയുടെ നിശ്ചിത ശതമാനം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചെങ്കിലും ബാക്കിതുക ലഭ്യമായില്ല. 2020-21 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 404.24 കോടി രൂപ വകയിരുത്തിയതിൽ സംസ്ഥാനത്തിന് 303.18 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത വർഷവും ലഭ്യമായ തുകയുടെ നിശ്ചിത ശതമാനം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചെങ്കിലും ബാക്കിതുക ലഭ്യമായില്ല. ഇപ്രകാരം 2019-20 സാമ്പത്തിക വർഷം 147.47 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 101.06 കോടി രൂപയും സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ശുദ്ധ ജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഓരോ പദ്ധതികളുടെയും ഭാഗമായി പദ്ധതി പൂർത്തീകരണത്തിനുള്ള സമയക്രമം നിശ്ചയിച്ച് അതിനനുസരിച്ച് നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ശുദ്ധ ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതി 2024-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ ഗ്രാമീണ മേഖലയിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്. ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾക്ക് ഇതിനകം തന്നെ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 52.90 ലക്ഷം കണക്ഷനുകൾ നൽകുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കി വിവിധ ഘട്ടങ്ങളിലായി പ്രവർത്തികൾ നടന്നു വരികയാണ്.

ശേഷിക്കുന്ന പ്രവർത്തികൾക്കും ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജലജീവൻ പദ്ധതിയുടെ ലക്ഷ്യമനുസരിച്ച് 2024 ഓടുകൂടി തന്നെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ചിട്ടയായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തിവരികയാണ്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യത, മറ്റുവകുപ്പുകളിൽനിന്നുമുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം, ചില പ്രദേശങ്ങളിൽ കണക്ഷൻ എടുക്കുന്നതിൽ പൊതുജനങ്ങളുടെ വിമുഖത, തദ്ദേശിയമായി നിലനിൽക്കുന്ന വസ്തു തർക്കങ്ങൾ മുതലായവ പദ്ധതി പുരോഗതിയിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ പൈപ്പിന്റെയും അനുബന്ധ സാധനങ്ങളുടെയും വില വർദ്ധനവ് മൂലം കരാറുകാരിൽ പ്രവർത്തികൾ എടുക്കുന്നതിനുള്ള താൽപ്പര്യം കുറയുന്നതും, അംഗീകരിക്കുവാൻ കഴിയാത്ത വിധം അമിത തുക quote ചെയ്യുന്നതും പ്രവൃത്തികൾ യഥാ സമയം നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടു സൃഷ്ടിക്കുന്നു.

ജല ജീവൻ മിഷൻ പദ്ധതിക്കാവശ്യമായ വിവിധ ഘടകങ്ങളുടെ നിർമാണത്തിനുള്ള സ്ഥലത്തിന്റെ ലഭ്യത കുറവും, പൈപ്പ് സ്ഥാപിക്കുന്നതിന് വിവിധ റോഡ് ഏജൻസികളിൽ നിന്നും റയിൽവേ അധികാരികളിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസവും ആണ് സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി.

ജല ജീവൻ മിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ല കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള ഭൂമി ജല ജീവൻ മിഷൻ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനായി ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ സ്വകാര്യ ഭൂമി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയ വരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ച് തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്തു റോഡുകളുടെ പരിപാലനവും ജല വിഭവ പദ്ധതി പ്രവർത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്തു, ജലസേചന വകുപ്പുകളുടെ ഉന്നതതല യോഗം സ്ഥിരം കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡി.ഐ .സി.സി യോഗം കൂടുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുൻഗണന പട്ടികയിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ജല ജീവൻ മിഷൻ പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തി വരുന്നു. പ്രസ്തുത അവലോകന തീരുമാനം അനുസരിച്ച്, റോഡ് കട്ടിങ് അനുമതി, നിർവഹണത്തിനാവശ്യമായ ഭൂമി എന്നിവ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനു ഉന്നത തലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്.

ജല ജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകേണ്ടുന്ന പ്രവർത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള സംവിധാനം, വെബ് സൈറ്റിൽ നൽകുന്നതിനുള്ള സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയ ബന്ധിതമായി ലഭ്യമാക്കുവാൻ കേന്ദ്ര തലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യോഗങ്ങൾ നടത്തുന്നുണ്ട്.

ജലജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ഈ വിധം തടസ്സങ്ങൾ മറികടന്നു പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തീവ്ര ശ്രമമാണ് നടത്തി വരുന്നത്.

ജല ജീവൻ മിഷൻ പദ്ധതിക്കു പുറമെ കേരള വാട്ടർ അതോറിറ്റി കിഫ്ബി, അമൃത്, ആർ.കെ.ഐ, നബാർഡ് എന്നിവയിൽ ഉൾപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇവയിലൂടെ നഗര മേഖലകളുൾപ്പെടെയുള്ള സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിൽ പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി നിർവ്വഹണതലത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾക്ക് യഥാസമയം പരിഹാരം കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പദ്ധതി നിർവഹണത്തിനാവശ്യമായ സ്ഥല ലഭ്യത, മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികൾ എന്നിവയിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ തലത്തിൽ അവലോകനയോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കു ന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**